ക്ഷേമനിധിയിൽ അംഗമാകാനുള്ള നടപടി സ്വീകരിക്കാമെന്നും തിരുവനന്തപുരം റീജിയണൽ ഓഫീസിൽ ക്ഷേമനിധിയുടെ ഉദ്യോഗസ്ഥനെ നിയമിക്കുമെന്നാണ്. അന്നു തന്ന ഉറപ്പുകൾ ഒന്നും പാലിച്ചിട്ടില്ല. അടിയന്തിരമായി അന്ന് തന്നിട്ടുള്ള ഉറപ്പുകൾ പാലിക്കുകയും ഈറ്റത്തൊഴിലാളികൾക്ക് ആവശ്യത്തിന് ഈറ്റ നൽകുകയും ചെയ്ത് തിരുവനന്തപുരം ജില്ലയിലെ ഈറ്റത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും അലോട്ടുമെന്റ്, പാസ് എന്നിവ ലഭിക്കാൻ താമസിക്കുമെന്നതിനാൽ 2005 നവംബർ, ഡിസംബർ മാസങ്ങളിൽ വനത്തിൽ നിന്നും ഈറ്റ ശേഖരിക്കാൻ കഴിയാത്തതുകൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും തൻമൂലം തൊഴിലാളികളുടെ വരുമാനത്തിൽ കുറവ് അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് വനം വകുപ്പ് അധികൃതരുമായി കൂടുതൽ ചർച്ചകൾ നടത്തുന്നതാണ്. ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്ന് കണ്ടതിനാൽ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന ഈറ്റത്തൊഴിലാളികൾക്ക് 1-12-2005 മുതൽ ചികിത്സാ സഹായം, വിവാഹ സഹായം, മരണാനന്തര സഹായം, തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം എന്നിവ താൽക്കാലിക നടപടിയെന്നുള്ള നിലയിൽ കോർപ്പറേഷൻ നേരിട്ട് വിതരണം നടത്തിവരുന്നുണ്ട്.

(22) ധാർമ്മിക മൂല്യങ്ങൾക്കും മനുഷ്യസ്നേഹത്തിനും പ്രാധാന്യം നൽകുന്ന വിഷയങ്ങൾ പാഠ്യവിഷയമാക്കണമെന്ന ആവശ്യം

ശ്രീ. കെ.എൻ.എ. ഖാദർ: സർ, കേരളം വിദ്യാസമ്പന്നരുടെ നാടാണ്. വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കൊപ്പം ഇപ്പോൾ അധർമ്മവും പെരുകുകയാണ്. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ ബാങ്ക് കൊള്ളയടിക്കുന്നു. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ സഹപാഠിയെ ബലാൽസംഗം ചെയ്യുന്നു. Education is not civilization എന്ന് ബോധ്യപ്പെട്ടുവരികയാണ്. ഈ സമൂഹത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനവിഷയങ്ങൾക്കൊപ്പം ധാർമ്മിക മൂല്യങ്ങൾക്കും മനുഷ്യസ്നേഹത്തിനും പ്രാധാന്യം നൽകുന്ന വിഷയങ്ങൾകൂടി പഠിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന പ്രശ്നം ഞാൻ ഉന്നയിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഈ കാര്യം വളരെ ഗൗരവമായി ഉൾക്കൊള്ളുകയാണ്. അതുകൊണ്ടുതന്നെ ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പഠനത്തിന്റെ ഭാഗമായിട്ടുള്ള പ്രോജക്ട്, അസൈൻമെന്റ് പോലുള്ള കാര്യങ്ങളിൽ ഇത്തരം ചില കാര്യങ്ങൾ ഉൾപ്പെടുത്തുകയാണ്. സാമൂഹ്യ നന്മയെ ലക്ഷ്യമാക്കിയുള്ള പ്രചരണ പ്രവർത്തനങ്ങൾ, നോട്ടീസുകൾ, പോസ്റ്ററുകൾ,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഘുലേഖകൾ എന്നിവ തയ്യാറാക്കിയും മറ്റും ഇത്തരം കാര്യങ്ങളിൽ കുട്ടികളെ ബോധവൽക്കരിക്കുന്നുണ്ട്. ഈ ശേഷി ആർജ്ജിക്കുന്നതിനുവേണ്ടി 10-ാം തരത്തിലെ മലയാളം പാഠപുസ്തകത്തിൽ 'വിതയ്ക്കാം മാനവികതയുടെ വിത്തുകൾ' എന്ന പാഠം ഉൾപ്പെടുത്തിയിട്ടുണ്ട്. 9-ാം ക്ലാസ്സിലെ ആത്മകഥയും ജീവചരിത്രവും എന്ന ഭാഗത്തും ധാർമ്മികതയ്ക്കും ധാർമ്മികമൂല്യങ്ങൾക്കും ഊന്നൽ നൽകുന്ന കാര്യം പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. ഈ ശേഷി ആർജ്ജിക്കുന്നതിന് നിലവിലുള്ള മൂല്യനിർണ്ണയ രീതി, നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായി പ്രോജക്ട്, അസൈൻമെന്റ്, റിക്കോർഡ് തുടങ്ങിയ വർക്കുകൾകൂടി ചെയ്യുന്നതിന് കുട്ടികൾക്ക് അവസരമുണ്ട്. ഭാഷാ അധ്യാപകർക്കുള്ള പരിശീലനത്തിനും ഇക്കാര്യത്തിൽ പ്രാധാന്യം നൽകിവരുന്നു. സാമൂഹ്യ-ശാസ്ത്രപരമായിട്ടുള്ള പ്രോജക്ടുകൾ, കേരളത്തിൽ സാമൂഹ്യ ജീവിതത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് നവോത്ഥാന നായകന്മാർ നൽകിയ പങ്കിനെക്കുറിച്ച് വിവരശേഖരം നടത്തി ലേഖനങ്ങൾ, പതിപ്പുകൾ, ആൽബങ്ങൾ എന്നിവ തയ്യാറാക്കാനുള്ള പ്രോജക്ടുകളുണ്ട്. വ്യക്തി ബന്ധത്തെ സ്വാധീനിക്കുന്ന കുടുംബം, മതം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ഘടകങ്ങൾ ചർച്ച ചെയ്ത് ലേഖനം തയ്യാറാക്കുന്നതും ഇതിലുൾപ്പെടുന്നു. ഇന്ത്യൻ ഭരണഘടന, ദേശീയ മനുഷ്യാവകാശ കമ്മിഷൻ, മനുഷ്യാവകാശം സംരക്ഷിക്കുക എന്നിവയും ഇതിന്റെ ഭാഗമായി വരുന്നു. സാമൂഹ്യ ശാസ്ത്രപരമായ മേൽശേഷികൾ നേടുന്നതിന് 10-ാം തരത്തിലെ പാഠപുസ്തകത്തിൽ വ്യക്തിയും സമൂഹവും, ജനാധിപത്യവും ഇന്ത്യയും, മനുഷ്യാവകാശങ്ങൾ എന്നീ അദ്ധ്യായങ്ങൾ വിശദീകരിച്ചിട്ടുണ്ട്. 9-ാം തരത്തിലെ ഭരണകൂടം, ഇന്ത്യൻ സമൂഹം എന്നീ അധ്യായങ്ങളിൽ ഇതു സംബന്ധിച്ച വിശദവിവരങ്ങളുണ്ട്. എൻ.സി.ഇ.ആർ.ടി. തയ്യാറാക്കിയ നാഷണൽ കരിക്കുലം ഫ്രെയിം വർക്കിൽ ധാർമ്മികതയ്ക്കും മൂല്യങ്ങൾക്കും കാലികമായ പ്രാധാന്യം നൽകേണ്ടതാണെന്ന് ശുപാർശചെയ്തിട്ടുണ്ട്. ഇതെല്ലാം വളരെ ഗൗരവമുള്ള കാര്യം തന്നെയാണ്. സമൂഹത്തിലെ ധർമ്മച്യുതിയുടെ ഏറ്റവും പ്രസക്തമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് ഗവൺമെന്റ് വളരെ ഗൗരവമായെടുക്കും. നാഷണൽ കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ കരിക്കുലം ചെയ്യുന്ന സമയത്ത് തീർച്ചയായും ഈ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുതന്നെയാണ് മാറ്റങ്ങൾ വരുത്താൻ പോകുന്നത്.

(23) കെ.എസ്.ആർ.ടി.സി. പെൻഷനേഴ്സിന് ആനുകൂല്യങ്ങൾ

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷനായ 17,000-ത്തോളം പെൻഷൻകാർ നിലവിലുണ്ട്. ഇവരുടെ സ്ഥിതി വളരെ അനുകമ്പയർഹിക്കുന്ന ഒന്നാണ്. കാരണം 31-5-2002-ൽ പെൻഷനായവർക്കുപോലും ഇപ്പോൾ അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. പെൻഷൻ പറ്റുമ്പോൾ ജോലിചെയ്തിരുന്ന കാലത്തെ ആനുകൂല്യങ്ങൾ വാങ്ങിയിട്ടുവേണം കുട്ടികളെ വിവാഹം കഴിപ്പിച്ച് അയയ്ക്കാനോ അതല്ലെങ്കിൽ